₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L L I F E V O I C E

Monthly

Volume 11
Issue 12

June 2023

pages 24

“സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ: ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്തമായത് തെരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായത് തെരഞ്ഞെടുത്തു”

**(1 കൊരിന്ത്യർ 1:26,27)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

Since 2012 | REAL LIFE VOICE | No. 138

Volume 11    Issue 12    June 2023    pages 24    Rs.5/

**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in

Book No. **138**

## ഉള്ളടക്കം

പേജ്


- കാട്ടുപോത്തേ... 3
- ദൈവത്തിന്റെ വിശ്വസ്തത (14) 6
- റോമർ 16 ലെ ദൈവമക്കൾ (11) 9
- ഹബക്കൂക് (16) 12
- ചോദ്യവും ഉത്തരവും (33) 14
- ഇമ്മാനുവിന്റെ സംശയങ്ങൾ (40) 17
- ഓർമ്മകൾ (36) 20
- ആർത്തി മൂത്തപ്പോൾ 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ **Google Pay/PhonePe** ചെയ്യാം. അല്ലെങ്കിൽ ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

## എഡിറ്റോറിയൽ



# കാട്ടുപോത്തേ...,

സോറി. ദയവായി ആരും തെറ്റിദ്ധരിക്കരുത്. ഞാൻ കാട്ടുപോത്തേ എന്നു വിളിച്ചത് നാലുകാലും രണ്ടുകൊമ്പും ഒരു വാലുമുള്ള, ചാണകമിടുന്ന കാട്ടുപോത്തിനെത്തന്നെയാണ്. അല്ലാതെ ഇവിടത്തെ രാഷ്ട്രീയക്കാരെയോ, മനുഷ്യനേക്കാൾ അധികം മൃഗങ്ങളെ സ്നേഹിക്കുന്ന മൃഗസ്നേഹികളേയോ, മനുഷ്യനേക്കാളുപരി മൃഗങ്ങൾക്കുവേണ്ടി നിയമങ്ങൾ ഉണ്ടാക്കിയവരേയോ അല്ല.

പലനിലകളിൽ ശക്തിയുള്ളവരാണല്ലോ ഈ രാഷ്ട്രീയക്കാരും മൃഗസ്നേഹികളും നിയമനിർമ്മാണം നടത്തുന്നവരുമെല്ലാം. ശക്തിയുണ്ടായിരിക്കുകയും അതേസമയം വിവേകമില്ലാതിരിക്കുകയും ചെയ്യുന്ന ആളുകളെ 'കാട്ടുപോത്ത്' എന്നു വിശേഷിപ്പിക്കുന്ന ഒരു സമ്പ്രദായം നമ്മുടെ നാട്ടിലുള്ളതുകൊണ്ടാണ്, ഞാൻ ഇവരെയൊന്നുമല്ല കാട്ടുപോത്ത് എന്നു വിളിച്ചത് എന്ന് ആദ്യമേ പറഞ്ഞത്.

2023 മെയ് 19-ാം തീയതി മൂന്നു പേരാണ് കാട്ടുപോത്തിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. മൂന്നുപേരും സർക്കാരിന്റെ നിർവചനപ്രകാരം സീനിയർ സിറ്റിസൺ ആണ്. അതായത്, അറുപത് വയസ്സ് പൂർത്തിയായവരോ, പിന്നിട്ടവരോ ആണ്. മൂന്നുപേരും കാട്ടുപോത്തിന്റെ ആവാസമേഖലയിൽ ചെന്നിട്ടല്ല ആക്രമിക്കപ്പെട്ടത്. ഒരാൾ വീട്ടുവരാന്തയിൽ ഇരിക്കുകയായിരുന്നു. മറ്റു രണ്ടുപേർ അവരവരുടെ റബ്ബർതോട്ടത്തിൽ നിൽക്കുകയായിരുന്നു. വിവേകമില്ലാതെ, ബലം മാത്രം കൈമുതലായുള്ള കാട്ടുപോത്ത് അതിന് യാതൊരു ദോഷവും ചെയ്തിട്ടില്ലാത്ത മൂന്നു മനുഷ്യരെ നിർദ്ദയം ആക്രമിച്ചുകൊന്നു.

കോട്ടയം എരുമേലിയിൽ ചാക്കോച്ചൻ (65), തോമാച്ചൻ (60) എന്നിവരാണ് കൊല്ലപ്പെട്ടത്. വരാന്തയിലിരുന്ന് പത്രം വായിച്ചുകൊണ്ടിരുന്ന ചാക്കോച്ചനെ കാട്ടുപോത്ത് പെട്ടെന്ന് ആക്രമിച്ചു. അദ്ദേഹം അവിടെവച്ചുതന്നെ മരിച്ചു. റബ്ബർതോട്ടത്തിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു തോമാച്ചൻ; കാട്ടുപോത്തിന്റെ ആക്രമണത്തെത്തുടർന്ന് പരിക്കേറ്റ ഇദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും പ്രയോജനമുണ്ടായില്ല.

ഒരേ ദിവസം മൂന്നുപേർ കൊല്ലപ്പെടുക! അതിൽ രണ്ടു പേർ കോട്ട യംകാരും ഒരാൾ കൊല്ലംകാരനും ആയിരുന്നു. കൊല്ലത്ത് കൊല്ലപ്പെട്ടത് ഇടമുളയ്ക്കൽ സ്വദേശി സാമുവൽ വർഗ്ഗീസ് (65) ആണ്. ഗൾഫിൽ മക ളുടെ കുടുംബത്തോടൊപ്പം കഴിയുകയായിരുന്നു സാമുവലും അദ്ദേഹ ത്തിന്റെ ഭാര്യയും. അവരെല്ലാവരും ഗൾഫിൽനിന്ന് തലേദിവസം രാത്രി 8-30 തിന് നാട്ടിൽ വന്നതേയുള്ളൂ. പന്ത്രണ്ടുമണിക്കൂറിനുശേഷം, അതാ യത് രാവിലെ 8-30 തിന് അദ്ദേഹം കൊല്ലപ്പെട്ടു.

എനിക്ക് വ്യക്തിപരമായി അറിയാവുന്ന കുടുംബമാണ് അദ്ദേഹത്തി ന്റേത്. മകളുടെ ഭർത്താവ് ഞങ്ങളുടെ നാട്ടുകാരനും അയൽവാസിയുമാ ണ്. അവരെല്ലാം വിശ്വാസികളുമാണ്. ഗൾഫിൽ പെന്തെക്കോസ്തുകൂടിവ രവിൽ അവർ കൃത്യമായി സംബന്ധിച്ചുവന്നിരുന്നു. ഞായറാഴ്ചകളിൽ ഓൺലൈൻ ബൈബിൾക്ലാസ്സ് നടത്തുമ്പോൾ അവരെല്ലാവരും ഗൾഫിൽനിന്നു ഗൂഗിൾമീറ്റിൽ പങ്കെടുക്കുമായിരുന്നു. കൊല്ലത്ത് പുതു തായി പണിത വീട്ടിൽ കുറച്ചുനാൾ താമസിക്കണമെന്ന ആഗ്രഹത്തോടെ നാട്ടിൽ വന്ന ആ കുടുംബത്തിന്റെ സന്തോഷമാണ് ഒരു കാട്ടുപോത്ത് മൂലം ഇല്ലാതായത്. മനുഷ്യജീവന് ഇന്നാട്ടിൽ യാതൊരു വിലയുമില്ലെന്ന അവ സ്ഥയായിപ്പോയോ!

ഈ മൂന്നു മനുഷ്യരെ കൊലപ്പെടുത്തിയപ്പോൾ ആ കാട്ടുപോത്തുങ്ങ ളുടെ കൊമ്പിനോ തലയ്ക്കോ എന്തെങ്കിലും പരിക്ക് പറ്റിയോ ആവോ എന്നു മൃഗസ്നേഹികൾ നെടുവീർപ്പിട്ടുവത്രേ! പിന്നെ, കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് പത്തുലക്ഷം രൂപ സർക്കാരിൽനിന്ന് കൊടുക്കുന്നുണ്ട്. അവർ ഈ ഭൂമുഖത്തുനിന്ന് ഇല്ലാതായതിന്റെ നഷ്ടബോധവും സങ്കടവും ഈ പത്തുലക്ഷം കാണുമ്പോൾ കുടുംബാംഗങ്ങൾ മറക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ, എന്തോ. ഇങ്ങനെ കൊടുക്കുന്ന നഷ്ടപരിഹാരം ഏതൊക്കെ വിധത്തിൽ നികുതിയായി നമ്മുടെ കയ്യിൽനിന്ന് പിടിക്കുമെന്ന് ഓർത്ത് ഒരാൾ നെടുവീർപ്പിടുന്നതും കാണാൻ കഴിഞ്ഞു.

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ പറഞ്ഞത് ഇപ്രകാരമാണ്: "അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതി യിന്മേലും മൃഗങ്ങളിന്മേലും സർവഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ "(ഉല്പത്തി 1:26). മനുഷ്യന് സകല ജീവജാല ങ്ങളുടെ മേലും അധികാരം കൊടുത്തുകൊണ്ട്, അവയെ ഭരിക്കട്ടെ (വാഴ ട്ടെ) എന്നാണ് ദൈവം കല്പിച്ചത്. ഈ ദൈവകല്പനയെയാണ് ഇവിടത്തെ ചില മനുഷ്യർ അവരുടെ അന്ധമായ മൃഗസ്നേഹം നിമിത്തം വലിച്ചെറി ഞ്ഞിരിക്കുന്നത്. മൃഗങ്ങളെ സംരക്ഷിക്കാനെന്നും പറഞ്ഞ് ഉണ്ടാക്കിവച്ചിരി ക്കുന്ന നിയമങ്ങൾ പലതും മനുഷ്യന് എതിരായവയാണ്. വിചിത്രം തന്നെ!

നിയമം ഉണ്ടാക്കുന്നത് മനുഷ്യൻ. ആ നിയമം മൃഗങ്ങൾക്ക് അനുകൂലവും മനുഷ്യന് പ്രതികൂലവും! കൃഷി നശിപ്പിക്കുന്ന മൃഗങ്ങളെ കൃഷിസ്ഥലത്തുനിന്ന് ഓടിപ്പിക്കുന്നതിനിടയിൽ അതിൽ ഒരെണ്ണമെങ്ങാനും ചത്തുപോയാൽ, കൃഷിക്കാരനെ ഫോറസ്റ്റുകാർ പിടിച്ചുകൊണ്ടുപോകുന്ന അവസ്ഥയാണ് നമ്മുടെ നാട്ടിലുള്ളത്. മനുഷ്യന്റെ വോട്ട് വാങ്ങി ജയിച്ച് അധികാരത്തിൽ വരുന്ന സർക്കാരുകൾ, വോട്ടില്ലാത്ത കാട്ടുപോത്തിനുവേണ്ടി നിയമം ഉണ്ടാക്കുന്നതിനെ വിമർശിച്ചുകൊണ്ട് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പറഞ്ഞത് വായിക്കുക:

> കാട്ടുപോത്തിന് വോട്ടവകാശം ഇല്ലെന്ന കാര്യം സർക്കാരും രാഷ്ട്രീയപാർട്ടികളും മറക്കരുത്. വന്യമൃഗങ്ങളെ സംരക്ഷിക്കാൻ സർക്കാരും രാഷ്ട്രീയപാർട്ടികളുമെല്ലാം പാടുപെടുന്നുണ്ട്. മജ്ജയും മാംസവുമുള്ള മനുഷ്യനാണ് ഇവിടെ ജീവിക്കുന്നതെന്ന കാര്യം മറക്കരുത്. കാട്ടുപോത്ത് കർഷകരെ കൊന്നപ്പോൾ മൃഗത്തെ സംരക്ഷിക്കാൻ പലരും വന്നു. എന്നാൽ ഈ കാട്ടുപോത്ത് നിയമസഭയിലേക്കോ പാർട്ടിഓഫീസിലേക്കോ വന്നിരുന്നെങ്കിൽ പെട്ടെന്ന് തീരുമാനം ഉണ്ടാകില്ലായിരുന്നോ? നിയമത്തിന്റെ കുരുക്ക് അഴിക്കാതെ തന്നെ അതിനെ വെടിവച്ച് വീഴ്ത്തില്ലായിരുന്നോ? ഈ ഇരട്ടത്താപ്പ് ഇനി ഇവിടെ വിലപ്പോവില്ല.
>
> കഴിഞ്ഞ 6 വർഷത്തിനിടെ 735 പേർ കേരളത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഇതൊന്നും ആരും വനത്തിൽ കയറി പ്രശ്നമുണ്ടാക്കിയത് മൂലമല്ല.

വോട്ടവകാശമുള്ളവന്റെ പക്കൽനിന്ന് വോട്ട് വാങ്ങി ജയിച്ച് വോട്ടവകാശമില്ലാത്തവരും വോട്ടവകാശമുള്ളവരെ കൊല്ലുന്നവരുമായ മൃഗങ്ങൾക്കു അനുകൂലമായി നിയമങ്ങൾ പടച്ചുവിടുന്നവർ എത്ര വലിയ നന്ദികേടും വിവേകമില്ലായ്മയും ആണ് കാണിച്ചുകൂട്ടുന്നത്! വിവേകമുള്ള ഒരു തലമുറ വരുമ്പോൾ ഇത്തരം നിയമങ്ങളെക്കുറിച്ച് ലജ്ജിക്കുകയും ആ നിയമങ്ങൾ ദൂരേക്ക് വലിച്ചെറിയുകയും ചെയ്യും. പണ്ടു നമ്മുടെ നാട്ടിലുണ്ടായിരുന്ന പല നിയമങ്ങളെയും കുറിച്ച് ഇന്ന് നാം ലജ്ജിക്കുന്നതുപോലെ വിവേകമില്ലാതെ പടച്ചുവിടുന്ന ഇത്തരം വനനിയമങ്ങളെക്കുറിച്ച് ഒരു കാലത്ത് ആളുകൾ ലജ്ജിക്കും.

മൃഗമല്ല, മനുഷ്യനാണ് വലുത് എന്ന പ്രാഥമികസത്യം പോലും മനസ്സിലാക്കാത്തവരാണോ നിയമങ്ങളുണ്ടാക്കാൻ ഇരിക്കുന്നത്? തെരുവ്പട്ടി, കാട്ടുപോത്ത്, കാട്ടുപന്നി, അരിക്കൊമ്പൻ, ചക്കക്കൊമ്പൻ..... മനുഷ്യനേക്കാൾ പെരുത്ത് മൂല്യമുള്ളവർ!

**(എംവിഎസ്)**

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം

14

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

### ഗ്രാമസുവിശേഷീകരണം

നാഗ്പൂർ, സാഗർ എന്നിവിടങ്ങളിലെല്ലാം ശ്രീ. കുര്യൻ ഗ്രാമസുവിശേഷീകരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. മറ്റു സുവിശേഷകന്മാരുടെ സഹായത്തോടെയായിരുന്നു ഇതെല്ലാം സംഘടിപ്പിച്ചത്. മാത്രമല്ല, ഹിന്ദി പഠിക്കാനും ദൈവവചനം പഠിക്കാനുമായി അദ്ദേഹത്തിന്റെ അടുക്കൽ വന്നിരുന്ന 'ട്രെയ്നി' സുവിശേഷകന്മാരും ഈ പ്രവർത്തനത്തിൽ പങ്കുചേർന്നിരുന്നു. സുവിശേഷം പ്രസംഗിക്കുന്നതിനും മറ്റുള്ളവരോട് വ്യക്തിപരമായി സുവിശേഷം അറിയിക്കുന്നതിനും ആവശ്യമായ പ്രായോഗിക പരിശീലനം നേടുന്നതിനായി ഈ അവസരം 'ട്രെയ്നി' സുവിശേഷകന്മാർ ഉപയോഗിച്ചു.

ഇവരെല്ലാം കുര്യനോടൊപ്പം താമസിച്ചിരുന്നതുകൊണ്ട്, അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും ദൈവത്തിൽ എങ്ങനെയാണ് ആശ്രയിച്ചിരുന്നതെന്നും ദൈവം എങ്ങനെയാണ് അവരുടെ ആവശ്യങ്ങൾ നടത്തിക്കൊടുത്തിരുന്നതെന്നും മനസ്സിലാക്കാനുള്ള

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50-തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

അവസരവും ഇവർക്ക് ലഭിച്ചു. പ്രശ്നങ്ങളുടെയും പ്രയാസങ്ങളുടെയും നടുവിൽ നിരാശപ്പെടാതെ കുര്യനും ഭാര്യയും മുന്നേറുന്നതു കണ്ട യുവ സുവിശേഷകന്മാർക്ക് ആ അനുഭവങ്ങൾ പിന്നീട് അവരുടെ ജീവിതത്തിൽ വളരെ ഗുണം ചെയ്തിട്ടുണ്ട്.

**മോട്ടോർസൈക്കിളിനുവേണ്ടിയുള്ള പ്രാർത്ഥന**

ഗ്രാമസുവിശേഷീകരണത്തിനായി സൈക്കിളിലായിരുന്നു കുര്യന്റെ യാത്ര. കുണ്ടും കുഴിയുമുള്ള റോഡുകളിലൂടെ വിദൂരസ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുന്നത് പലപ്പോഴും ദുഷ്കരമായിരുന്നു. സാഗറിലെ 450 വില്ലേജുകളിൽ 107 എണ്ണം പൂർത്തിയാക്കുമ്പോഴേക്കും അദ്ദേഹം ഏകദേശം 2000 കിലോമീറ്റർ സൈക്കിളിൽ യാത്ര ചെയ്യേണ്ടിവന്നു. ഒരു ദിവസം 28 മൈലുകളോളം സൈക്കിളിൽ സഞ്ചരിച്ച് നാലോ അഞ്ചോ മണിക്കൂറുകൾ ആളുകളോട് സുവിശേഷം പങ്കുവയ്ക്കുന്ന സാഹചര്യവും ഉണ്ടായി. ഒരു മോട്ടോർസൈക്കിൾ ലഭിക്കാനായി അദ്ദേഹം പ്രാർത്ഥിച്ചു തുടങ്ങിയത് അങ്ങനെയായിരുന്നു.

സ്നേഹവാനായ ദൈവം തന്റെ ദാസന്റെ പ്രാർത്ഥനയ്ക്ക് വേഗത്തിൽ ഉത്തരമരുളി. 1958 ജനുവരിയിൽ അദ്ദേഹത്തിന് ഒരു മോട്ടോർസൈക്കിൾ ലഭിക്കാനിടയായി. അതിൽ അദ്ദേഹം ദൈവത്തോട് വളരെ നന്ദിയുള്ളവനായിരുന്നു.

**പട്ടാളക്കാരോടും സുവിശേഷം**

സാഗർ ഒരു സൈനികകേന്ദ്രമായിരുന്നതുകൊണ്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പട്ടാളക്കാരെയും മറ്റ് ഉദ്യോഗസ്ഥരെയും അവിടെ കാണാമായിരുന്നു. പല പട്ടാളക്കാരോടും സുവിശേഷം പങ്കുവയ്ക്കാൻ കുര്യന് കഴിഞ്ഞു. വിശ്വാസികളായ പട്ടാളക്കാരുടെ സഹായം ഇക്കാര്യത്തിൽ അദ്ദേഹത്തിന് ലഭിച്ചു. യഥാർത്ഥ വിശ്വാസികളായ പട്ടാളക്കാരോട് അദ്ദേഹം ബന്ധം സ്ഥാപിച്ചതു നിമിത്തം അവർ ഞായറാഴ്ചകളിലെ ആരാധനായോഗങ്ങളിൽ പങ്കെടുക്കുവാനും സൈന്യത്തിലെ സുഹൃത്തുക്കളോട് കർത്താവിനെ സാക്ഷിക്കുവാനും സംഗതിയായി.

**ഗ്രാമത്തിൽനിന്നുള്ള അനുഭവങ്ങൾ**

ഉത്തരേന്ത്യയിൽ അക്കാലത്ത് സുവിശേഷപ്രവർത്തനങ്ങളോട് വലിയ എതിർപ്പൊന്നും ഉണ്ടായിരുന്നില്ല. ഹൈന്ദവക്ഷേത്രങ്ങളുടെ മുന്നിൽ നിന്നു പ്രസംഗിക്കുമ്പോൾ പോലും അദ്ദേഹത്തിന് എതിർപ്പ് നേരിടേണ്ടിവന്നില്ല. വിഗ്രഹങ്ങളുടെ മുമ്പിൽ കുമ്പിടുന്നത് വിഡ്ഢിത്തമാണെന്നും അത് പാപമാണെന്നും അദ്ദേഹം പ്രസംഗിച്ചു. വിഗ്രഹങ്ങളെ ആരാധിക്കുന്നത് ഭോഷ

ത്വമാണെന്ന് ചൂണ്ടിക്കാട്ടി അദ്ദേഹം പ്രസംഗിക്കുമ്പോൾ അതിനെ അനുകൂലിച്ചുകൊണ്ട് ചിലർ തലകുലുക്കുന്നത് അദ്ദേഹത്തിന് കാണാൻ കഴിഞ്ഞു.

എന്നാൽ ഈ സ്ഥിതിക്ക് പെട്ടെന്ന് മാറ്റം വരാൻ തുടങ്ങി. രാഷ്ട്രീയ നേതാക്കന്മാർ വോട്ടു നേടുന്നതിനും പ്രശസ്തി നേടുന്നതിനുമായി മതപരമായ വികാരങ്ങൾ ഉണർത്താൻ തുടങ്ങിയതോടുകൂടിയാണ് കാര്യങ്ങൾ മാറിമറിഞ്ഞത്. ഹിന്ദുമതത്തിന്റെ സംരക്ഷകരായി അവർ അവരെത്തന്നെ ഉയർത്തിക്കാട്ടി. യേശുവിനെക്കുറിച്ചുള്ള സുവിശേഷം വിദേശദൈവത്തെക്കുറിച്ചുള്ള പ്രചാരണമാണെന്നും ഇന്ത്യയിൽ അതിനെ പിന്തുണയ്ക്കുന്നവർ ഈ രാജ്യത്തിന്റെ ദൈവങ്ങളുടെ എതിരാളികളാണെന്നുമുള്ള തരത്തിലുള്ള ചിന്തകൾ ആളുകളിൽ നിറയാൻ തുടങ്ങി. രാഷ്ട്രീയനേതാക്കൾ ഇത്തരത്തിൽ മതവികാരത്തെ ഉപയോഗപ്പെടുത്താൻ തുടങ്ങിയതോടെ സുവിശേഷത്തിന് വ്യാപകമായ നിലയിൽ എതിർപ്പുകൾ ഉണ്ടായി.

പക്ഷേ സാഗറിൽ ശ്രീ. കുര്യന് കാര്യങ്ങൾ ഏറെ അനുകൂലമായിരുന്നു. തുറന്ന സ്ഥലങ്ങളിൽ നിന്നുകൊണ്ട് പ്രസംഗിക്കുന്നതിനോ തെരുവുകളിൽ ലഘുലേഖകൾ വിതരണം ചെയ്യുന്നതിനോ അദ്ദേഹത്തിന് തടസ്സമൊന്നും ഉണ്ടായില്ല. ഉത്തരേന്ത്യയുടെ മറ്റു ഭാഗങ്ങളിൽ സുവിശേഷത്തോടുള്ള എതിർപ്പുകൾ വ്യാപകമായപ്പോൾ പോലും കുര്യന് അത്തരത്തിലുള്ള പ്രയാസങ്ങളൊന്നും നേരിടേണ്ടിവന്നില്ല. 1950-കളിൽ സാഗറിൽ അദ്ദേഹം പ്രവർത്തനം ആരംഭിക്കുമ്പോൾ അവിടെ സമ്പൂർണ്ണമായ നിലയിൽ സുവിശേഷപ്രവർത്തന സ്വാതന്ത്ര്യം ഉണ്ടായിരുന്നു. തുടർന്ന് അദ്ദേഹം അവിടെയുള്ള ആളുകളുമായി നല്ല സൗഹൃദം പുലർത്തി ജീവിച്ചതുകൊണ്ട് ആരിൽനിന്നും അദ്ദേഹത്തിന് എതിർപ്പുകൾ നേരിടേണ്ടിവന്നില്ല. 2007 ൽ അദ്ദേഹം ഈ ലോകത്തുനിന്നു മാറ്റപ്പെടുന്നതുവരേയും ഈ അവസ്ഥ തുടർന്നു. അതുകൊണ്ട് തന്നെ സുവിശേഷപ്രവർത്തനത്തോടുള്ള ബന്ധത്തിൽ സുവിശേഷവിരോധികളുടെ പക്കൽനിന്നും വളരെയധികം എതിർപ്പുകൾ അദ്ദേഹത്തിന് നേരിടേണ്ടിവന്നിട്ടില്ല.

**ഒറ്റപ്പെട്ട സംഭവങ്ങൾ**

സാഗറിലെ ജനം സുവിശേഷത്തോട് സഹിഷ്ണുത കാണിച്ചുവെങ്കിലും അതിന് വിപരീതമായി ചില ഒറ്റപ്പെട്ട സംഭവങ്ങളും ഉണ്ടായി. ഒരിക്കൽ മീറ്റിംഗ് നടത്തുന്ന മുറിയിൽ വന്ന് ചില യുവാക്കൾ ബഹളമുണ്ടാക്കി. അസഭ്യവർഷവും ഭീഷണിയും മുഴക്കി. ഉടൻ അവിടെനിന്നും പോയില്ലെങ്കിൽ ആ മുറിയിലെ സകല വസ്തുക്കളും നശിപ്പിക്കും എന്ന് അവർ അലറി. അദ്ദേഹത്തിന് മുറി പൂട്ടി അവിടെനിന്നും പോകേണ്ടിവന്നു. ഇതുപോലെയുള്ള സംഭവങ്ങൾ അദ്ദേഹത്തെ തെല്ലും തളർത്തിയില്ല. **(തുടരും)**

# റോമർ 16–ാം അദ്ധ്യായത്തിലെ ദൈവമക്കൾ

# 11

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**18. രൂഫൊസ്**

**19. അവന്റെ അമ്മ**

*"കർത്താവിൽ പ്രസിദ്ധനായ രൂഫൊസിനെയും എനിക്കും അമ്മയായ അവന്റെ അമ്മയെയും വന്ദനം ചെയ്‌വിൻ" (റോമർ 16:12).*

കർത്താവിനെ സ്നേഹിച്ച ഒരു അമ്മയും മകനും! കർത്താവിനോട് നന്ദിയുള്ളവരായി ജീവിച്ച ഒരു അമ്മയും മകനും! ഇതുപോലുള്ള അമ്മമാരും മക്കളും കുടുംബങ്ങളിലും സഭകളിലും ധാരാളമായി ഉണ്ടായാൽ അത് എത്ര അനുഗ്രഹകരമാണ്! തലതിരിഞ്ഞവരും താന്തോന്നികളുമായ ആൺമക്കളെയും അവരുടെ പ്രീതി പിടിച്ചുപറ്റാൻ വേണ്ടി അവരെ പിന്താങ്ങി സംസാരിക്കുന്ന അമ്മമാരെയും എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ രൂഫൊസും അവന്റെ അമ്മയും പിശാചിന്റെ കയ്യിലെ ഉപകരണങ്ങളായ അമ്മയും മകനുമായിരുന്നില്ല.

**രൂഫൊസ്: കർത്താവിൽ പ്രസിദ്ധൻ**

"കർത്താവിൽ തിരഞ്ഞെടുക്കപ്പെട്ടവൻ" (chosen in the Lord) എന്നാണ് പല ഇംഗ്ലീഷ്തർജ്ജമകളിലും കാണുന്നത്. കർത്താവിൽ പ്രസിദ്ധൻ എന്നു മിക്ക മലയാളം തർജ്ജമകളിലും കാണുന്നു. ദൈവസഭയിൽ സജീവമായി നിലകൊള്ളുകയും കർത്താവിൽ പ്രസിദ്ധനാവുകയും ചെയ്യുക എന്നത് മഹത്വകരമായ ഒരു കാര്യം തന്നെയാണ്. പ്രസിദ്ധി നേടിയ പലരുമുണ്ട്. പക്ഷേ അവർ പലരും കർത്താവിന്റെ പേരിലല്ല പ്രസിദ്ധി നേടിയത്. നമുക്കു ചില ഉദാഹരണങ്ങൾ നോക്കാം:

(1) ഡോ. രാജു നാരായണസ്വാമി: SSLC, PDC, GATE, BTech, IAS എന്നീപരീക്ഷകളിലെല്ലാം ഒന്നാം റാങ്ക് വാങ്ങി പാസ്സായ അപൂർവ്വവ്യക്തിത്വം! ഇവ കൂടാതെ പിന്നെയും പല പരീക്ഷകൾ ഒന്നാം റാങ്കോടു കൂടി അദ്ദേഹം പാസ്സായിട്ടുണ്ട്. 'ഒന്നാം റാങ്കിന്റെ സഹയാത്രികൻ' എന്നാണ് ഈ ചങ്ങനാശ്ശേരിക്കാരൻ അറിയപ്പെടുന്നത്. ഇത്രയധികം പ്രശസ്തനായ

അദ്ദേഹം തന്റെ നേട്ടങ്ങളുടെ കാരണം ഒരിക്കൽ തുറന്നു പറഞ്ഞു: ചങ്ങനാശ്ശേരിക്കാവിൽ ഭഗവതിയുടെ ശക്തി! തന്റെ വിശ്വാസം അദ്ദേഹം പ്രഖ്യാപിക്കുകയായിരുന്നു. അദ്ദേഹം പ്രസിദ്ധനായത് കർത്താവിന്റെ കാരുണ്യത്താലായിരുന്നില്ല എന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്നു.

(2) മുകേഷ് അംബാനി: ഇന്ത്യയിലെ വലിയ സമ്പന്നൻ. നാലുലക്ഷം ചതുരശ്രഅടി വിസ്തീർണ്ണമുള്ളതും 27 നിലകളുള്ളതുമായ പടുകൂറ്റൻ ബംഗ്ലാവിൽ താമസിക്കുന്നു. 27 നിലകളുള്ള വീട് എന്നു പറഞ്ഞാൽ, സാധാരണ ഉയരത്തിലാണ് പണിതിരുന്നതെങ്കിൽ അത് 60 നിലകൾ വരും! (568 അടി!) മൂന്നു ഹെലിപാഡ്, ഒരു തിയറ്റർ, സ്വിമ്മിംഗ് പൂൾ, 168 കാർ-ഗ്യാരേജ്, അമ്പലം, ഐസ്ക്രീം പാർലർ എന്നിവയെല്ലാമുള്ള, ഏകദേശം ഇരുപതിനായിരം കോടി (260 കോടി അമേരിക്കൻ ഡോളർ) വിലമതിക്കുന്ന ഒരു വീട്! ഗുരുവായൂരമ്പലത്തിൽ തുലാഭാരം നടത്തിക്കൊണ്ട് അദ്ദേഹത്തിന്റെ ഭക്തി അദ്ദേഹം തെളിയിച്ചിട്ടുണ്ട്.

(3) ബിൽഗേറ്റ്സ്: ലോകത്തിലെത്തന്നെ സമ്പന്നൻ. അദ്ദേഹത്തിന്റെ പ്രതിനിധി മലപ്പുറത്തെ ആലത്തിയൂർ ഹനുമാൻകാവിൽ ഹനുമാന്റെ അനുഗ്രഹത്തിനുവേണ്ടി വന്നിരുന്നു.

(4) സച്ചിൻ ടെൻഡുൽക്കർ: ക്രിക്കറ്റിന്റെ ദൈവം എന്നു വിശേഷിപ്പിക്കപ്പെടുന്ന വ്യക്തി. ടെസ്റ്റ് ക്രിക്കറ്റിലും (51) ഏകദിനത്തിലും (49) ആയി 100 സെഞ്ചറികളുമായി മാനം മുട്ടെ ഉയർന്നുനിൽക്കുന്ന ക്രിക്കറ്റർ. അദ്ദേഹം എല്ലാ വൈകുന്നേരങ്ങളിലും ക്ഷേത്രത്തിൽ പോയി ഗണപതിവിഗ്രഹത്തെ വണങ്ങും. അതുകൂടാതെ അദ്ദേഹം സായ്ബാബയുടെ ഭക്തനുമാണ്.

ഇവരെല്ലാം പ്രശസ്തരാണ്. പക്ഷേ കർത്താവിൽ പ്രശസ്തരായിരുന്നില്ല. ഇവരുടെയെല്ലാം പ്രശസ്തി ഈ ലോകത്തിൽ മാത്രം പ്രയോജനപ്പെടുന്നതാണ്. എന്നാൽ രൂഫൊസ് കർത്താവിൽ പ്രശസ്തനാണ്. ഈ ലോകത്തിൽ മാത്രമല്ല, നിത്യതയിലും അതു അവനു പ്രയോജനപ്പെടും. രൂഫൊസ് എന്നു പേരുള്ള പലരും നമ്മുടെ കൂട്ടങ്ങളിൽ ഉണ്ടല്ലോ. ആ രൂഫൊസുമാരെല്ലാം കർത്താവിൽ പ്രശസ്തരാകട്ടെ.

**രൂഫൊസ്: കർത്താവിന്റെ ക്രൂശു ചുമന്നവന്റെ മകൻ (?)**

കർത്താവിനെ കാൽവറിയിലേക്ക് കൊണ്ടുപോകുമ്പോൾ ശീമോൻ എന്നു പേരുള്ള കുറേനക്കാരനെ കണ്ടു എന്നും അവനെ ക്രൂശു ചുമപ്പാൻ നിർബന്ധിച്ചു എന്നു നാം മത്തായി 27:32 ൽ വായിക്കുന്നു. റോമൻപട്ടാളക്കാർ “അവനെ പിടിച്ചു ക്രൂശ് ചുമപ്പിച്ച് യേശുവിന്റെ പിന്നാലെ നടക്കുമാറാക്കി” എന്നാണ് ലൂക്കൊസ് 23:26 ൽ നാം വായിക്കുന്നത്. യേശുവിന്റെ

കുരിശ് ചുമക്കാൻ ശീമോനു യാതൊരു താത്പര്യവുമില്ലായിരുന്നു. പട്ടാള ക്കാർ ഭീഷണിപ്പെടുത്തിയാണ് ആ കുരിശ് അവനെക്കൊണ്ട് ചുമപ്പിച്ചത്. അതു കഴിഞ്ഞ് ശീമോൻ അന്ന് സ്വന്തം വീട്ടിലേക്ക് പോയത് അപമാന ഭാരത്താൽ കുനിഞ്ഞ ശിരസ്സുമായിട്ടായിരിക്കും.

ആ ശീമോനു രണ്ടു ആൺമക്കളുണ്ടായിരുന്നു എന്ന വിവരം വെളിപ്പെ ടുത്തുന്നത് മർക്കൊസ് ആണ്. അലക്സാണ്ടറും രൂഫൊസും! (മർക്കൊസ് 15:21). "അലക്സന്തരിന്റെയും രൂഫൊസിന്റെയും അപ്പൻ" എന്നാണ് മർക്കൊസ് ശീമോനെ പരിചയപ്പെടുത്തുന്നത്. മർക്കൊസ് ഈ സുവി ശേഷം റോമിലിരുന്നാണത്രേ എഴുതിയത്. എങ്കിൽ റോമിലെ വിശ്വാസിക ളായിരിക്കും ഈ സുവിശേഷത്തിന്റെ ആദ്യവായനക്കാർ. റോമിലെ വിശ്വാ സികൾക്ക് അലക്സന്തരും രൂഫൊസും നല്ലവണ്ണം പരിചിതരായതുകൊണ്ട് അവരുടെ അപ്പൻ എന്നു മർക്കൊസ് വിശേഷിപ്പിച്ചു. മറ്റൊരു രൂഫൊസിനെ നാം പുതിയനിയമത്തിൽ കാണുന്നുമില്ല. കുറേനക്കാരന്റെ മകനായ ആ രൂഫൊസ് തന്നെയാണ് റോമാലേഖനത്തിൽ പൗലൊസ് പറയുന്ന രൂഫൊ സ് എന്നു ചിന്തിക്കുന്നതിന് സാധ്യത ഏറെയുണ്ട്.

ഈ അനുമാനം ശരിയാണെങ്കിൽ, അന്നു കർത്താവിന്റെ ക്രൂശ് ചുമന്ന ശീമോൻ പിന്നീട് കർത്താവിനെ രക്ഷകനായി സ്വീകരിച്ചിട്ടുണ്ട്. പൗലൊസ് റോമാലേഖനം എഴുതുമ്പോൾ ശീമോൻ ഈ ഭൂമിയിൽനിന്നും മാറ്റപ്പെട്ടി ട്ടുണ്ട്. തലമുറകളിലേക്ക് അനുഗ്രഹം വാങ്ങിക്കൊടുത്തു മരിക്കുന്നത് ഭാഗ്യം തന്നെയല്ലേ? തലമുറകളിലേക്ക് കുറെ സ്വത്തും ബാങ്ക്ബാലൻസും ശേഷി പ്പിച്ചു പോകുന്ന പിതാക്കന്മാരേക്കാൾ ശ്രേഷ്ഠരാണ്, തങ്ങളുടെ മക്കൾക്ക് ദൈവഭക്തിയും ദൈവാനുഗ്രഹവും വർദ്ധിപ്പിച്ച് പോകുന്നവർ.

രൂഫൊസിന്റെ അമ്മ തന്റെകൂടി അമ്മയാണെന്നു പൗലൊസ് സാക്ഷ്യ പ്പെടുത്തുന്നു. വാർദ്ധക്യത്തിലുള്ള ആ സഹോദരിക്ക് ലഭിച്ച മികച്ച സാക്ഷ്യ മാണിത്. പൗലൊസിനോട് മാതൃതുല്യമായ വാത്സല്യം ആ അമ്മയ്ക്കുണ്ടാ യിരുന്നു. സ്വന്തം അമ്മയോടുള്ള സ്നേഹം പോലെ പൗലൊസിന് ആ അമ്മ യോടും സ്നേഹമുണ്ടായിരുന്നു. കർത്താവിനോടുള്ള ഭക്തിയും സഹോദര ന്മാരോടുള്ള സ്നേഹവും നിമിത്തം ആ അമ്മയും മകനും കർത്താവിൽ പ്രസിദ്ധരായി. ലോകപ്രകാരമുള്ള പ്രസിദ്ധിയേക്കാൾ കർത്താവിലുള്ള പ്രസിദ്ധിയായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. **(തുടരും)**

**Visit our website: www.reallifevoice.in**

**വായിക്കുക (മലയാളത്തിൽ/ഇംഗ്ലീഷിൽ)**

വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?

Faith and Baptism: How Was It Taught and Practiced in the First Century?

# ഹബക്കൂക്
## (പുസ്തകപഠനം)

16

**-എംവിഎസ്-**

**ഹബക്കൂക് 2:8**

*നീ പല ജാതികളോടും കവർച്ച ചെയ്തതുകൊണ്ട് ജാതികളിൽ ശേഷിപ്പുള്ളവരൊക്കെയും മനുഷ്യരുടെ രക്തം നിമിത്തവും നീ ദേശത്തോടും നഗരത്തോടും അതിന്റെ സകല നിവാസികളോടും ചെയ്ത സാഹസം നിമിത്തവും നിന്നോടും കവർച്ച ചെയ്യും*

കവർച്ച, കൊലപാതകം, സാഹസം (അക്രമം) എന്നിവയാണ് കൽദയർ മറ്റുള്ളവരുടെ നേരെ ചെയ്തിട്ടുള്ള ദോഷങ്ങൾ. ആ ദോഷങ്ങളെല്ലാം അവർക്കു തിരിച്ചുകിട്ടും. മറ്റുള്ളവരുടെ നേരെ ഒരാൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾ പിന്നീട് അയാൾക്ക് തന്നെ തിരിച്ചുകിട്ടും.

ന്യായാധിപന്മാരുടെ പുസ്തകത്തിൽ നാം അദോനീ-ബെസെക്ക് എന്നൊരു രാജാവിനെക്കുറിച്ച് വായിക്കുന്നുണ്ട്. യുദ്ധത്തിൽ തോല്പിച്ച 70 രാജാക്കന്മാരുടെ കൈകാലുകളുടെ പെരുവിരൽ അയാൾ മുറിച്ചുകളഞ്ഞിരുന്നു. ഒടുവിൽ അദ്ദേഹം യിസ്രായേൽമക്കളാൽ പിടിക്കപ്പെട്ടു. അവന്റെ കൈകാലുകളുടെ പെരുവിരൽ അവർ മുറിച്ചുകളഞ്ഞു. അപ്പോൾ അദോനീ-ബെസെക്ക് പറഞ്ഞതു കേൾക്കുക: "കൈകാലുകളുടെ പെരുവിരൽ മുറിച്ച എഴുപത് രാജാക്കന്മാർ എന്റെ മേശയിൻകീഴിൽനിന്ന് പെറുക്കിത്തിന്നിരുന്നു. ഞാൻ ചെയ്തതുപോലെ തന്നെ ദൈവം എനിക്കു പകരം ചെയ്തിരിക്കുന്നു" (ന്യായാധിപന്മാർ 1:7).

അധികാരം ലഭിക്കുന്നത് ദൈവത്തിൽനിന്നാണ്. അങ്ങനെ ലഭിച്ച അധികാരം ഉപയോഗിച്ച് മറ്റുള്ളവരോട് ക്രൂരത കാണിച്ചാൽ, ഒരിക്കൽ അതെല്ലാം തിരിച്ചുകിട്ടും എന്നതിന്റെ ഉദാഹരണമാണിത്.

ഫ്രഞ്ച്‌വിപ്ലവം പഠിക്കുമ്പോൾ അവിടെ റോബർസ്പിയർ എന്നൊരു ഭരണാധികാരിയെ നാം കാണുന്നുണ്ട്. തന്റെ ശത്രുക്കളെയെല്ലാം കൊന്നൊടുക്കാനായി അദ്ദേഹം ഗില്ലറ്റിൻ എന്നൊരു യന്ത്രം ഉണ്ടാക്കി. ആ യന്ത്രത്തിന്റെ ചുവട്ടിൽ കിടത്തുന്ന വ്യക്തിയുടെമേൽ മുകളിൽനിന്നും ഒരു വാൾ പതിച്ച് ഉടലും ശിരസ്സും വേർപിരിയും. രാജാവും രാജ്ഞിയും ഉൾപ്പെടെ ഓരോരുത്തരെ ആ യന്ത്രം ഉപയോഗിച്ച് അയാൾ കൊന്നു. ഒരു

ദിവസം ജനങ്ങളെല്ലാം ചേർന്ന് അയാളെ ബലമായി പിടിച്ച് ആ യന്ത്ര ത്തിന്റെ ചുവട്ടിൽ കൊണ്ടുവന്നു കിടത്തി. അയാളുടെ തലയും ഉടലും വേർപിരിഞ്ഞു. എസ്ഥേറിന്റെ പുസ്തകത്തിൽ നാം കാണുന്ന ദുഷ്ടനായ ഹാമാൻ ഉണ്ടാക്കിയ കഴുമരത്തിന്മേൽ അവനെത്തന്നെ തൂക്കിക്കൊന്നതു പോലെയാണ് ഈ സംഭവം.

പ്രിയ ദൈവജനമേ, നമുക്ക് ലഭിക്കുന്ന അധികാരം മറ്റുള്ളവരോട് ക്രൂരത കാണിക്കാനുള്ളതല്ല. കള്ള് കുടിച്ച് വീട്ടിൽ വന്ന് ക്രൂരത കാണി ക്കുന്ന കുടുംബനാഥന്മാർ, സഭയിൽ ലഭിച്ചിരിക്കുന്ന അധികാരം ഉപയോ ഗിച്ച് തനിക്ക് ഇഷ്ടമില്ലാത്തവരെ ഒതുക്കുന്ന മൂപ്പന്മാർ, എതിർചേരിയിൽ പെട്ട രാഷ്ട്രീയക്കാരെ കള്ളക്കേസിൽ കുടുക്കുന്ന ഭരണാധികാരികൾ, ഭാര്യയെ മർദ്ദിക്കുന്ന ഭർത്താവ് എന്നിങ്ങനെ തങ്ങൾക്ക് ലഭിച്ച അധികാരം ദുരുപയോഗപ്പെടുത്തന്നവരെല്ലാം ഒരിക്കൽ തിരിച്ചടി നേരിടേണ്ടിവരും.

അധികാരത്തിന്റെ അഹന്ത നിമിത്തം ചെയ്തുകൂട്ടുന്ന ദുഷ്ടത കൾക്ക് ഈ ലോകത്ത് വച്ചുതന്നെ തിരിച്ചടി ലഭിക്കും എന്ന കാര്യം ഇവർ ശ്രദ്ധിക്കുന്നില്ല. കഴിഞ്ഞകാലചരിത്രം പരിശോധിച്ചാൽ ഇത് മനസ്സിലാ ക്കാവുന്നതേയുള്ളൂ. റോബസ്പിയർ പോലുള്ളവർക്ക് എന്തു സംഭ വിച്ചുവെന്ന് ചരിത്രപഠനത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാമല്ലോ.

മറ്റുള്ളവരുടെ നേരെ ദുഷ്ടത പ്രവർത്തിക്കുമ്പോൾ കൽദയർ ഈ കാര്യം ഓർത്തിരിക്കയില്ല. അധികാരത്തിന്റെയും കയ്യൂക്കിന്റെയും ബലം അവരെ അന്ധരാക്കി. മുമ്പിൽ നിൽക്കുന്ന 'ഇര'യുടെ നിലവിളി അവരുടെ മനസ്സിനെ അലിയിച്ചില്ല. മറ്റുള്ളവരുടെ കണ്ണുനീരോ രക്തമോ അവരുടെ മനസ്സ് മാറ്റിയില്ല. ദുഷ്ടത ചെയ്യുന്നതിനുവേണ്ടി മുന്നോട്ടാഞ്ഞ് വച്ച കാൽ പിൻവലിക്കാൻ അവർക്ക് മനസ്സില്ലായിരുന്നു.

ഇതാ ഇപ്പോൾ അവർക്ക് തിരിച്ചടി ലഭിക്കാൻ പോകുന്നു. എല്ലാം കാണുന്നവനാണ് ദൈവം. എല്ലാറ്റിനും കണക്കു ചോദിക്കുന്നവനാണ് ദൈവം. അതുകൊണ്ട് നമുക്ക് ലഭിച്ച അധികാരം സൂക്ഷ്മതയോടെ ഉപ യോഗിക്കാൻ നാം ശ്രദ്ധിക്കണം.

കഴിഞ്ഞ കാലങ്ങളിൽ ഒരാൾ ചെയ്തുപോയിട്ടുള്ള തെറ്റുകൾ ക്ഷമി ക്കാൻ ദൈവം ഒരുക്കമാണ്. "അവൻ നമ്മുടെ പാപങ്ങൾക്ക് ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല. നമ്മുടെ അകൃത്യങ്ങൾക്ക് ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല" (സങ്കീർത്തനങ്ങൾ 103:10). ദൈവത്തിൽ ഒരാൾ ആശ്രയിച്ചാൽ അവന്റെ പാപങ്ങൾ ക്ഷമിക്കാൻ ദൈവം തയ്യാറാണ്. ക്ഷമി ക്കാൻ മനസ്സൊരുക്കമുള്ള ദൈവമാണ് നമ്മുടേത്. സ്നേഹവാനായ ദൈവം!

**(തുടരും)**

# 33 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *വേർപെട്ട വിശ്വാസികൾക്ക് നാമധേയക്രൈസ്തവർ ആചരിക്കുന്ന ആദ്യകുർബ്ബാന ചടങ്ങുകളിൽ പങ്കെടുക്കാൻ പാടുണ്ടോ? അടുത്ത് താമസിക്കുന്ന വീട്ടുകാർ അങ്ങനെയുള്ള ചടങ്ങുകളിൽ പങ്കെടുക്കാൻ വിളിക്കുന്നു. ബൈബിളിൽ ഇല്ലാത്ത ആചാരം ആണല്ലോ എന്നു പറയുമ്പോൾ അവരത് മനസ്സിലാക്കുന്നില്ല. നാം നമ്മുടെ വീട്ടുയോഗങ്ങൾക്ക് അവരെ വിളിക്കുമ്പോൾ അവർ വന്നു സഹകരിക്കുന്നുണ്ട്. അങ്ങനെയുള്ളവരോട് സുവിശേഷത്തിന് നിരക്കുന്ന രീതിയിൽ ഇടപെടാൻ നാമെന്തു ചെയ്യണം? എഡിറ്ററുടെ മറുപടി പ്രതീക്ഷിക്കുന്നു.* **(കുട്ടപ്പൻ കെ.കെ., രാജകുമാരി)**

*നാം സമൂഹത്തിൽ ജീവിക്കുന്ന വ്യക്തികളാണല്ലോ. വിവിധ മതങ്ങളിലുള്ള വ്യക്തികളുമായി നമുക്ക് ബന്ധമുണ്ട്. അവരുടെ ആഘോഷങ്ങളിൽ പങ്കെടുക്കേണ്ടതായി വരുന്നു. മുസ്ലീങ്ങളുടെ നോമ്പ് കാലത്ത് അവർ തരുന്ന കഞ്ഞി പലപ്പോഴും കുടിക്കേണ്ടി വരാം. വർഷങ്ങളായിട്ടുള്ള ബന്ധമാണ്. പ്രാർത്ഥിച്ചുകൊണ്ടാണ് കഴിക്കുന്നതെങ്കിലും മാനസികമായി ഒരു അസ്വസ്ഥത അനുഭവപ്പെടുന്നു. എന്തു ചെയ്യണം?* **(ഫിലിപ് മേമം, കൊല്ലം)**

**മറുപടി:**

നമ്മുടെ മാസികയുടെ രണ്ട് വായനക്കാർ ചോദിച്ച ചോദ്യങ്ങളാണിവ. സമൂഹത്തിൽ സജീവമായി ജീവിക്കുന്ന ഏവർക്കും ഇത്തരം സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. വിശ്വസിച്ച് സ്നാനപ്പെട്ടവർ അവരുടെ വീട്ടുയോഗങ്ങൾക്ക് മറ്റുള്ളവരെ വിളിക്കുമ്പോൾ, ദൈവവചനപ്രകാരമുള്ള ശരിയായ പ്രാർത്ഥനയ്ക്കും ബൈബിൾപഠനത്തിനുമാണ് അവരെ വിളിക്കുന്നത്.

അവിശ്വാസികളായ അയൽക്കാരോ ബന്ധുക്കളോ നമ്മുടെ പ്രാർത്ഥനായോഗങ്ങൾക്കു വരികയും, തുടർന്ന് അവരുടെ വിശ്വാസമനുസരിച്ചുള്ള ചടങ്ങുകൾക്ക് അവർ നമ്മെ വിളിക്കുകയും ചെയ്യുമ്പോൾ, ദൈവവചനപ്രകാരമുള്ള കാര്യങ്ങളല്ല അവിടെ അരങ്ങേറുന്നത് എന്നുള്ളതുകൊണ്ട് നാം അവയിൽ പങ്കെടുക്കുന്നതിനെ ന്യായീകരിക്കാനാവില്ല.

ഉദാഹരണമായി, നമ്മുടെ വീട്ടിലെ ഒരാൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുന്നു എന്നു കരുതുക. അത് കാണാനായി നാം നമ്മുടെ അയൽവാസികളായ കത്തോലിക്കരെയും ഹിന്ദുക്കളെയുമെല്ലാം വിളിക്കുന്നു എന്നു കരുതുക. അവരിൽ പലരും സന്തോഷത്തോടെ വന്ന് അതിൽ പങ്കെടുക്കുന്നു. തുടർന്ന് അവരുടെ ആദ്യ കുർബ്ബാനസ്വീകരണമോ, ശബരിമലയ്ക്ക് പോകുന്നതിന്റെ ചടങ്ങുകൾക്കോ അവർ നമ്മെ വിളിക്കുന്നു. നാം എന്തു ചെയ്യണം?

നാം ക്ഷണിച്ചപ്പോൾ അവർ സ്നാനം കാണാൻ വന്നു എന്ന കാരണത്താൽ അവരുടെ ഇത്തരം ചടങ്ങുകൾക്ക് പങ്കെടുക്കാൻ നമുക്ക് ഉത്തരവാദിത്തമില്ല. കാരണം നാം ക്ഷണിച്ചത് വചനപ്രകാരമുള്ള ഒരു കാര്യത്തിനാണ്; അവർ ക്ഷണിച്ചത് പക്ഷേ വചനപ്രകാരമുള്ള കാര്യത്തിനല്ല. എന്റെ കൂടെ ജ്യൂസ് കുടിക്കാൻ ഒരാൾ വന്നു എന്നു കരുതി അയാളുടെ കൂടെ മദ്യം കുടിക്കാൻ പോകാൻ എനിക്കു ഉത്തരവാദിത്തമില്ല. ആദ്യത്തേത് വചനത്തിന് എതിരല്ലാത്ത കാര്യവും രണ്ടാമത്തേത് വചനത്തിന് എതിരായ കാര്യവുമാണല്ലോ.

കാര്യങ്ങൾ അവരെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. ബൈബിൾപ്രകാരം ജീവിക്കുവാൻ ആഗ്രഹിക്കുന്നതുകൊണ്ട് ബൈബിളിന് വിരുദ്ധമായ കാര്യങ്ങളിൽ പങ്കെടുക്കാൻ ഞങ്ങൾക്ക് കഴിയില്ല എന്നു ശാന്തമായി അവരോടു പറയണം. ചിലപ്പോൾ അവർ പിണങ്ങിയെന്നു വരാം. നാം വചനം അനുസരിക്കുന്നതിന്റെ പേരിൽ ആരെങ്കിലും പിണങ്ങുകയോ ബന്ധം മുറിക്കുകയോ ചെയ്താൽ അത് ദൈവഹിതപ്രകാരം സംഭവിച്ചതാണെന്നു നമുക്ക് ആശ്വസിക്കാവുന്നതാണ്.

**ഭക്ഷണം കഴിക്കുന്നതിനെപ്പറ്റി**

ചടങ്ങുകളിൽ പങ്കെടുക്കുന്നതിനെപ്പറ്റിയാണ് ഞാൻ മുകളിൽ പറഞ്ഞത്. എന്നാൽ അവർ ഇത്തരം ചടങ്ങുകളോടുള്ള ബന്ധത്തിൽ ഒരുക്കുന്ന ഭക്ഷണം കഴിക്കുന്നതിനെപ്പറ്റി വ്യത്യസ്തമായ അഭിപ്രായമാണ് എനിക്കുള്ളത്. ചടങ്ങുകൾക്ക് പങ്കെടുക്കുന്നതിൽനിന്ന് നാം നിർബന്ധമായും മാറിനിൽക്കണം; എന്നാൽ അവർ ഒരുക്കുന്ന ഭക്ഷണത്തിൽ താത്പര്യമുണ്ടെങ്കിൽ നമുക്ക് പങ്കെടുക്കാമെന്നാണ് എന്റെ അഭിപ്രായം.

"അവിശ്വാസികളിൽ ഒരുവൻ നിങ്ങളെ ക്ഷണിച്ചാൽ നിങ്ങൾക്ക് പോകുവാൻ മനസ്സുണ്ടെങ്കിൽ നിങ്ങളുടെ മുമ്പിൽ വിളമ്പുന്നത് എന്തായാലും മനസാക്ഷി നിമിത്തം ഒന്നും അന്വേഷിക്കാതെ തിന്നുവിൻ. എങ്കിലും ഒരുവൻ: ഇത് വിഗ്രഹാർപ്പിതം എന്നു നിങ്ങളോടു പറഞ്ഞാൽ ആ അറിയിച്ചവൻ നിമിത്തവും മനസാക്ഷി നിമിത്തവും തിന്നരുത്" (1 കൊരിന്ത്യർ 10:27,28)

പെരുന്നാളുകളോ മറ്റോ വരുമ്പോൾ ബന്ധുക്കൾ നമ്മെ വിളിക്കാറുണ്ട്. എല്ലാവരും ഒരുമിച്ചുകൂടുകയും പരസ്പരം കണ്ട് സംസാരിക്കുകയും ചെയ്യാനുള്ള ഒരു അവസരം എന്ന നിലയിൽ അതിനെ പ്രയോജനപ്പെടുത്തുന്നതിൽ തെറ്റില്ല. പെരുന്നാളിൽ പങ്കെടുക്കാതിരിക്കുകയും അതേസമയം ഭക്ഷണത്തിൽ പങ്കെടുക്കുകയും ചെയ്യുന്നതിനെ വചനം വിലക്കുന്നില്ല. നമ്മെ ക്ഷണിക്കുന്നവരോട് നാം നമ്മുടെ നയം വ്യക്തമായി പറയണം.

സഭായോഗങ്ങൾ ഉപേക്ഷിച്ച് ഇത്തരം കാര്യങ്ങൾക്ക് പോകുന്നത് തെറ്റാണ്. സഭായോഗങ്ങളുടെ പ്രാധാന്യം നാം ഒരിക്കലും മറക്കരുത്. അവിശ്വാസികളുടെ ചടങ്ങുകൾ മിക്കപ്പോഴും ഞായറാഴ്ചകളിലാണ് ഉണ്ടാകാറുള്ളത്. അന്ന് നമുക്ക് സഭായോഗമുള്ള ദിവസമാണ്. അത് ഉപേക്ഷിച്ച് നാം അവിശ്വാസികളുടെ കൂടെ ഭക്ഷണം കഴിക്കാൻ പോകരുത്.

**മുസ്ലീങ്ങളുടെ നോമ്പ്കഞ്ഞി**

ഭക്ഷണകാര്യങ്ങളിൽ കണിശമായ നിയന്ത്രണം പാലിക്കുന്നവരാണ് മുസ്ലീങ്ങൾ. ഹലാൽഭക്ഷണം മാത്രമേ അവർ കഴിക്കൂ എന്നുള്ളതുകൊണ്ട് നാം ഒരുക്കുന്ന മാംസാഹാരം അവർ കഴിക്കാറില്ല. നമ്മുടെ കല്യാണങ്ങൾക്ക് അവർ വന്നാൽ നാം വിളമ്പുന്ന ചിക്കനോ ബീഫോ അവർ കഴിക്കാറില്ലല്ലോ. മലപ്പുറം പോലുള്ള സ്ഥലങ്ങളിൽ കല്യാണത്തിന് അറുക്കാനുള്ള പോത്തിനെ മുക്രിയെക്കൊണ്ട് ഓതിച്ചതിനുശേഷം മാത്രമേ വിശ്വാസികൾ പോലും അറുക്കാറുള്ളൂവത്രേ! അല്ലെങ്കിൽ അത് കഴിക്കാൻ മുസ്ലീങ്ങൾ തയ്യാറാവില്ലത്രേ!

നാം പ്രാർത്ഥിച്ച് തയ്യാറാക്കിയ ഭക്ഷണം അവർ കഴിക്കില്ലെങ്കിൽ, അവർ പ്രാർത്ഥിച്ച് തയ്യാറാക്കിയ ഭക്ഷണം നമുക്കും കഴിക്കാതിരിക്കാമല്ലോ. ദീർഘകാലമുള്ള ബന്ധം, അടുപ്പം ഒക്കെയുണ്ടായിരിക്കാം. പക്ഷേ എത്ര കാലത്തെ അടുപ്പമുണ്ടായാലും നാം കൊടുക്കുന്ന ഭക്ഷണം അവർ കഴിക്കില്ലെങ്കിൽ അവർ തരുന്ന ഭക്ഷണം നമുക്കും ഒഴിവാക്കാം. ഒരു പാലമിട്ടാൽ അങ്ങോട്ടും ഇങ്ങോട്ടും ആകാമല്ലോ.

**വചനം പറയുന്നത്...**

"ആഹാരം നമ്മെ ദൈവത്തോട് അടുപ്പിക്കുന്നില്ല. തിന്നാഞ്ഞാൽ നമുക്ക് നഷ്ടമില്ല. തിന്നാൽ ആദായവുമില്ല" (1 കൊരിന്ത്യർ 8:8). "ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്ത്വത്തിനായി ചെയ്യുവിൻ" (1 കൊരിന്ത്യർ 10:31). ഈ വാക്യങ്ങളെല്ലാം അവിശ്വാസികൾ ഒരുക്കുന്ന ഭക്ഷണത്തോടുള്ള ബന്ധത്തിലാണ് എഴുതിയിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ഓർക്കുക.

# ഇമ്മാനുവിന്റെ സംശയങ്ങൾ

40

**എംവിഎസ്**

## ചരിത്രം തിരുത്തരുത്!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

നാലാംക്ലാസ്സിൽ പഠിക്കുന്ന ഇമ്മാനു... എന്റെ ഒരേയൊരു സന്താനം... എന്തിനാ കൂടുതൽ മക്കൾ? സ്വൈരം കെടുത്താൻ ഇതുപോലത്തെ ഒരെണ്ണം തന്നെ ധാരാളം.

അവന്റെ മുടിഞ്ഞ ഓരോ സംശയങ്ങള്!

"ചക്കയുടെ വിത്തിനെ ചക്കക്കുരു എന്നു വിളിക്കുന്നു; അപ്പോൾ മാങ്ങയുടെ വിത്തിനെ മാങ്ങക്കുരു എന്നല്ലേ വിളിക്കേണ്ടത്, എന്തിനാ മാങ്ങയണ്ടി എന്നു വിളിക്കുന്നത്?"

അവൻ ചോദിച്ച ഒരു സംശയമാണിത്.

"അതുമല്ലെങ്കിൽ മാങ്ങയണ്ടി, കശുവണ്ടി എന്നു പറയുന്നതുപോലെ ചക്കയണ്ടി എന്നു പറഞ്ഞുകൂടെ?"

അവന്റെ അടുത്ത സംശയം.

"വായടച്ച് മാറിപ്പോടാ... അല്ലെങ്കിൽ വടിയെടുത്ത് നല്ല വീക്ക് വച്ചുതരും" ഞാനലറി. അപ്പോഴാണ് അന്ത്രോസ്ബ്രദറിന്റെ വരവ്.

"ഇമ്മാനുട്ടൻ എന്തെങ്കിലും സംശയം ചോദിച്ചുകാണും, അല്ലേ ബ്രദറേ..." എന്നു എന്നോടു പറഞ്ഞതിനു ശേഷം അന്ത്രോസ്ബ്രദർ ഇമ്മാനുവിനോടായി ഇങ്ങനെ പറഞ്ഞു:

"കത്തിക്കലിച്ചു നിൽക്കുന്ന നിന്റെ പപ്പയോടല്ല, അറിവിന്റെ ടാങ്ക് ആയ എന്നോട് സംശയം ചോദിക്ക്"

അതുകേട്ടപ്പോൾ ഇമ്മാനുവിന് സന്തോഷം.

"അന്ത്രോസങ്കിൾ, മാങ്ങയുണ്ടാകുന്ന മരത്തെ മാവ് എന്നു വിളിക്കുന്നുവെങ്കിൽ തേങ്ങയുണ്ടാകുന്ന മരത്തെ തേവ് എന്നല്ലേ വിളിക്കേണ്ടത്?"

അന്ത്രോസ്ബ്രദറിന്റെ മുഖത്ത് ഒരു വിളറിയ ചിരി പരന്നു.

"ഒരു ചോദ്യം കൂടി: പശുവിന്റേത് ചാണകം, ആടിന്റേത് കാഷ്ഠം. ആനയുടേത് പിണ്ടം, മനുഷ്യന്റേത്..." എന്നു പറയുമ്പോഴേക്കും എന്റെ ഭാര്യ ഓടിവന്ന് അവന്റെ വായ് പൊത്തി. മണ്ടയ്ക്ക് ഒരു കൊട്ട് വച്ചുകൊടുക്കുകയും ചെയ്തു. ആ കൈ തട്ടി മാറ്റി അവൻ ചോദിച്ചു: "എന്താ ഈ വ്യത്യാസത്തിന് കാരണം?"

അന്ത്രോസ്ബ്രദർ ഒന്നു പരുങ്ങി. അപ്പോഴാണ് ഇറ്റ്യാനംചേടത്തിയുടെ വരവ്...

"അന്ത്രോസിന്റെ നിൽപ്പ് കണ്ടിട്ട് പേപ്പട്ടിയും പാമ്പും ഒരുമിച്ച് അന്ത്രോ

സിനെ കടിച്ചപോലുണ്ടല്ലോ...”

അന്ത്രോസ്ബ്രദർ ഇറ്റ്യാനംചേടത്തിയെ നോക്കി പല്ലിറുമ്മി.

മൂപ്പന്റെ സ്കൂട്ടറിന്റെ ശബ്ദം. ഭാഗ്യം! ഞാൻ ആശ്വസിച്ചു.

“ഡാ, ഇമ്മാനു, മൂപ്പനങ്കിളിനോട് നിന്റെ ഇമ്മാതിരി വളിച്ച സംശയങ്ങളൊന്നും ചോദിക്കരുത്'' ഞാൻ അവന് മുന്നറിയിപ്പ് കൊടുത്തു.

''വേണ്ട. ഞാൻ നിലവാരമുള്ള സംശയങ്ങൾ ചോദിച്ചോളാമേ”

മൂപ്പൻ എല്ലാവരെയും നോക്കി പുഞ്ചിരിച്ചു. അദ്ദേഹം ഇരുന്നപാടെ ഇമ്മാനു തന്റെ സംശയം ചോദിച്ചു:

“മൂപ്പനങ്കിൾ, കേന്ദ്രം ഒഴിവാക്കിയ പാഠഭാഗങ്ങൾ കേരളം പഠിപ്പിക്കും എന്നു ന്യൂസിൽ കണ്ടു. എന്തിനാണ് കേന്ദ്രം ചില ഭാഗങ്ങൾ ഒഴിവാക്കുന്നത്? അതേ പാഠഭാഗങ്ങൾ എന്തിനാണ് കേരളം പഠിപ്പിക്കുന്നത്?”

മൂപ്പൻ ചെറുതായൊന്നു പുഞ്ചിരിച്ചു. ആ ചിരി തന്റെ ചോദ്യത്തിനുള്ള അംഗീകാരമായി ഇമ്മാനുവിനു തോന്നി.

മൂപ്പൻ പറഞ്ഞു: “ചരിത്രം തിരുത്താൻ നാം പാടില്ല. ചരിത്രത്തിൽ നമുക്കിഷ്ടമില്ലാത്തതും നമ്മെ നാണം കെടുത്തുന്നതുമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടാകാം. പക്ഷേ അത് അതുപോലെത്തന്നെ പഠിപ്പിക്കണം. തെറ്റ് എല്ലായ്പോഴും തെറ്റാണല്ലോ”

“ഏതൊക്കെ ഭാഗങ്ങളാണ് അവർ പാഠപുസ്തകങ്ങളിൽനിന്ന് നീക്കം ചെയ്തത്?” ഈ ചോദ്യം ചോദിച്ചത് ഇറ്റ്യാനംചേടത്തിയാണ്.

ഇറ്റ്യാനംചേടത്തിയുടെ ചോദ്യം കേട്ടപ്പോൾ അന്ത്രോസ്ബ്രദർ ‘ഓ, ഒരു വല്യ ആള് വന്നിരിക്കുന്നു’ എന്ന് കണ്ണുകൊണ്ടും ചുണ്ടുകൊണ്ടും ആംഗ്യം കാട്ടി. ആകാംക്ഷാഭരിതയായി വാ പൊളിച്ച് നിൽക്കുന്ന ഇറ്റ്യാനംചേടത്തിയെ കണ്ടപ്പോൾ ഇമ്മാനുവിനു ചിരി വന്നു.

മൂപ്പൻ പറഞ്ഞു: “ഗാന്ധിജിയുടെ കൊലപാതകം, ആർഎസ്എസിന്റെ നിരോധനം, മുഗൾചരിത്രം, നെഹ്രു നടപ്പാക്കിയ പഞ്ചവത്സരപദ്ധതികൾ തുടങ്ങിയവയാണ് കേന്ദ്രം ഒഴിവാക്കിയ പാഠഭാഗങ്ങൾ. ചരിത്രത്തിലെ ഈ സംഭവങ്ങൾ ചിലർക്ക് നാണക്കേടുണ്ടാക്കുന്നുവത്രേ!”

''ഗാന്ധിയുടെ കൊലപാതകം പഠിപ്പിച്ചാൽ, ആര് കൊന്നു എന്നു പറയേണ്ടിവരും. അയാൾക്ക് ആർഎസ് എസ് സംഘടനയുമായുള്ള ബന്ധം പറയേണ്ടിവരും. ആർഎസ്എസിനെ നിരോധിച്ച കാര്യം പറയേണ്ടിവരും. ഇതെല്ലാം ഇന്നുള്ള ചിലർക്ക് നാണക്കേടാണത്രേ!”

''അതുകൊണ്ട് അത്തരം ഭാഗങ്ങൾ കുട്ടികളെ പഠിപ്പിക്കേണ്ട എന്നു തീരുമാനിച്ചു. അതിൽ പ്രതിഷേധിച്ചാണ് കേരളം ആ ഭാഗങ്ങൾ പഠിപ്പിക്കും എന്നു പറയുന്നത്. ഇമ്മാനുവിന് മനസ്സിലായോ?” മൂപ്പൻ ചോദിച്ചു.

ഇമ്മാനു തലയാട്ടി. ഇറ്റ്യാനംചേടത്തി അപ്പോഴും വാ തുറന്ന് നിൽക്കുകയായിരുന്നു. പാവം! കാര്യമായൊന്നും മനസ്സിലായില്ലെന്നു തോന്നുന്നു.

ഇതു കണ്ട അന്ത്രോസ്ബ്രദർ ഇമ്മാനുവിനോടായി പറഞ്ഞു: "ഡാ ഇമ്മാനു, വായ് അടച്ച് പിടിക്കൂ" അന്ത്രോസ്ബ്രദറ് ഉന്നം വെച്ചത് തന്നെയാണെന്നു മനസ്സിലാക്കിയ ഇറ്റ്യാനംചേടത്തി പെട്ടെന്ന് തന്റെ വാ അടച്ചു.

ഇതൊന്നും ശ്രദ്ധിക്കാതെ മൂപ്പൻ തുടർന്നു: "ഇതുപോലെ ഒരു പാട് കാര്യങ്ങളുണ്ട്. നിരവധി വിശ്വാസികളെ മാർപാപ്പമാരുടെ നേതൃത്വത്തിൽ കൊല്ലുകയോ ജയിലിൽ അടയ്ക്കുകയോ ചെയ്തിട്ടുള്ള കാര്യം കത്തോലിക്കർ പഠിപ്പിക്കാറില്ല"

"അതുപോലെ, ബ്രിട്ടീഷുകാർ നമ്മുടെ രാജ്യത്തെ കീറിമുറിച്ചു എന്നാണ് പലരും പഠിപ്പിക്കുന്നത്. എന്നാൽ വാസ്തവം അങ്ങനെയല്ല. ഇവിടെയുള്ള ഹിന്ദുമഹാസഭയും അഖിലേന്ത്യാമുസ്ലീംലീഗും തമ്മിലുള്ള ഭിന്നത കാരണം, അവരുടെ നിർദ്ദേശപ്രകാരമാണ് ബ്രിട്ടീഷുകാർ ഇന്ത്യയെ ഹിന്ദുസ്ഥാൻ എന്നും പാകിസ്ഥാൻ എന്നും രണ്ടായി വിഭജിച്ചത്"

"ഞാൻ നേരത്തെ പറഞ്ഞതു പോലെ ചരിത്രം ഉള്ളത് ഉള്ളതു പോലെ പഠിപ്പിക്കണം. ബൈബിൾ എന്ന ചരിത്രപുസ്തകം ഇക്കാര്യത്തിൽ മാതൃകയാണ്. ആ പുസ്തകത്തിലെ വീരനായകന്മാർ ചെയ്തിട്ടുള്ള തെറ്റുകൾ തെറ്റുകളായി ത്തന്നെ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്"

"ദാവീദ് ചെയ്തിട്ടുള്ളതോ ശലോമോൻ ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും തെറ്റുകളെ വെള്ള പൂശാൻ ബൈബിളിന്റെ എഴുത്തുകാർ മെനക്കെട്ടിട്ടില്ല. ചരിത്രം എഴുതുമ്പോഴും പഠിപ്പിക്കുമ്പോഴും എഴുത്തുകാർ എല്ലായ്പോഴും സത്യസന്ധരായിരിക്കണം"

"യേശുവിന്റെ വംശാവലിയിൽ രാഹാബ് എന്ന വേശ്യയുള്ള കാര്യം ബൈബിൾ ഒളിച്ചുവച്ചില്ല. മത്തായി എഴുതിയ വംശാവലിയിൽ അത് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്"

"യേശുവിന്റെ കൂടെ നടന്നിരുന്ന മഗ്ദലക്കാരത്തിമറിയ ഒരു കാലത്ത് ഏഴ് ഭൂതങ്ങൾ ഉണ്ടായിരുന്ന, അത്രയും അധഃപതിച്ച, ഒരു സ്ത്രീ ആയിരുന്നു എന്ന സത്യം ഒളിപ്പിച്ചുകൊണ്ട് അതിന്റെ എഴുത്തുകാർക്ക് വേണമെങ്കിൽ എഴുതാമായിരുന്നു. പക്ഷേ അവർ അങ്ങനെ ചെയ്തില്ല"

"ആരുടെയും തെറ്റുകളെ വെള്ള പൂശി, ന്യായീകരിക്കാൻ ബൈബിൾ മെനക്കെടുന്നില്ല. മനസ്സിലായോ?"

മൂപ്പൻ ഇമ്മാനുവിനോടാണ് ചോദിച്ചത്. തലയാട്ടിയ കൂട്ടത്തിൽ ഇറ്റ്യാനംചേടത്തിയുമുണ്ടായിരുന്നു.

ഉടനെ വന്നു അന്ത്രോസ്ബ്രദറിന്റെ കമന്റ്: "ഇറ്റ്യാനത്തിന്റെ യാക്കോബായസഭ കൂനൻകുരിശുസത്യത്തെക്കുറിച്ച് പറയുന്ന കാര്യമല്ല കത്തോലിക്കാസഭ പറയുന്നത്. ആര് പറയുന്നതാണാവോ സത്യം?"

"ഡാ, ചൊറിയൻ അന്ത്രോസേ.." എന്നു പറഞ്ഞ് ഇറ്റ്യാനംചേടത്തി മുന്നോട്ടാഞ്ഞെങ്കിലും മൂപ്പൻ അവിടെ ഉണ്ടായിരുന്നതുകൊണ്ട്, സ്വയം നിയന്ത്രിച്ചു.

# പടിക്കൽ കലമുടയ്ക്കുന്നവർ!

**2014**

ഇത്തവണത്തെ (2023 മാർച്ചിലെ) എസ്എസ്എൽ സി ഫലം വന്നപ്പോൾ എന്റെ ട്യൂഷൻ സെന്ററിലെ എല്ലാ കുട്ടികളും ജയിച്ചു. കഴിഞ്ഞ 20 വർഷങ്ങളായി എസ് എസ് എൽസിക്ക് 100% വിജയം തുടർച്ചയായി കിട്ടിയിട്ടുണ്ട്. ഈ സന്ദർഭത്തിൽ 2014 ൽ നടന്ന ഒരു സംഭവമാണ് ഇവിടെ രേഖപ്പെടുത്തുന്നത്.

എസ്എസ്എൽസി പരീക്ഷ നടന്നുകൊണ്ടിരിക്കുന്നു. ഒരു ദിവസം രാത്രി ഒരു പെൺകുട്ടിയുടെ അമ്മ എന്നെ ഫോണിൽ വിളിച്ച് കരഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു:

“മാഷേ, നാളെ സോഷ്യൽസയൻസ് പരീക്ഷയാണ്. മോള് ഇവിടെ ആകെ കരച്ചിലാണ്. അവൾക്ക് പഠിച്ചിട്ട് ഒന്നും കിട്ടുന്നില്ലെന്ന് പറഞ്ഞ് ഭയങ്കര കരച്ചിലാണ്. നാളെ പരീക്ഷ എഴുതുന്നില്ലെന്നും പറഞ്ഞ് ഇവിടെ കിടന്നു കരയുന്നു. ഞാൻ എന്താ ചെയ്ക?”

ഇതു പറയുമ്പോൾ ആ അമ്മയും ഏങ്ങലടിച്ചു കരയുന്നുണ്ടായിരുന്നു. ആ അമ്മയാകട്ടെ പൂർണ്ണഗർഭിണിയുമായിരുന്നു.

“എനിക്ക് ഡേയ്റ്റ് അടുത്ത മാസമാണ്. എനിക്ക് തീരെ സുഖമില്ല. അതിന്റെ ഇടയ്ക്കാണ് ഇവളുടെ ഈ....” വാക്കുകൾ മുറിഞ്ഞുപോയി.

എന്റെ അവസ്ഥയൊന്നു നോക്കുക. തുടർച്ചയായി 100% വിജയം നേടുന്ന ട്യൂഷൻസെന്ററിൽ നിർണ്ണായക സമയത്ത് ഒരു കുട്ടിയുടെ തല തിരിഞ്ഞിരിക്കുന്നു.

എനിക്ക് ദേഷ്യമാണ് തോന്നിയത്. കലത്തിൽ വെള്ളം ചുമന്നുകൊണ്ട് വന്ന് പടി വരെ എത്തിച്ച് പടിക്കൽ കലമുടച്ചുകളയുന്ന നിർഗുണന്മാരുടെ പോലെ ഒരു പെൺകുട്ടി പെരുമാറിയിരിക്കുന്നു.

നാളത്തെ പരീക്ഷ എഴുതില്ലെന്നു വാശിപിടിച്ച് കരയുന്ന മകളും എന്തു ചെയ്യണമെന്നറിയാതെ ആകെ അസ്വസ്ഥയായിപ്പോയ, പൂർണ്ണഗർഭിണിയായ അമ്മയും! അവർ ഒരു ഫ്ളാറ്റിലാണ് താമസിക്കുന്നത്. രാത്രിസമയവും! ഭർത്താവ് ഗൾഫിലാണ്.

എങ്ങനെയെങ്കിലും അവളെക്കൊണ്ട് പരീക്ഷ എഴുതിക്കണം. അവൾക്ക് ഫോൺ കൊടുക്കാൻ ഞാൻ പറഞ്ഞു. അവൾ കരഞ്ഞുകൊണ്ട് "വേണ്ട വേണ്ട" എന്നു പറയുന്നത് എനിക്ക് കേൾക്കാമായിരുന്നു.

ഒടുവിൽ വല്ലവിധേന ആ അമ്മ അവളെക്കൊണ്ട് ഫോൺ പിടിപ്പിച്ചു. ഞാൻ അവളോട് സംസാരിച്ചപ്പോൾ "എനിക്ക് പരീക്ഷ എഴുതണ്ട, എനിക്ക് പഠിച്ചിട്ട് ഒന്നും കിട്ടുന്നില്ല" എന്നു കരഞ്ഞുകൊണ്ട് അവൾ പറഞ്ഞു.

ഞാൻ വളരെ ശാന്തമായി അവളോട് സംസാരിച്ചു. നിരാശ ബാധിച്ച് തളർന്നുപോയ അവളിൽ പോസിറ്റീവ് എനർജി നിറയ്ക്കാൻ എനിക്ക് പണിപ്പെടേണ്ടിവന്നു.

ഞാൻ അവളെ ധൈര്യപ്പെടുത്തിക്കൊണ്ട് സംസാരിച്ചു. പരീക്ഷ എഴുതിയാൽ അവൾ തീർച്ചയായും ജയിക്കുമെന്നു ഞാൻ അവൾക്ക് ഉറപ്പുകൊടുത്തു. സ്കൂളിൽനിന്ന് ഇന്റേണൽമാർക്ക് കിട്ടിയിട്ടുള്ളതുകൊണ്ട് പരീക്ഷ ജയിക്കുക വളരെ എളുപ്പമാണെന്നു അവളെ ഞാൻ പറഞ്ഞു മനസ്സിലാക്കി.

സോഷ്യൽസയൻസ് എല്ലാ പാഠങ്ങളും പഠിക്കേണ്ടെന്നും മുമ്പ് പഠിച്ചിട്ടുള്ളത് ചിലത് പഠിച്ചുപോയാൽ മതിയെന്നും എന്തായാലും പരീക്ഷ അവൾ ജയിക്കുമെന്നും ഞാൻ വീണ്ടും വീണ്ടും അവളോടു പറഞ്ഞു.

ഏകദേശം ഒരു മണിക്കൂർ എനിക്ക് അവളോടു സംസാരിക്കേണ്ടിവന്നു. എന്റെ സംസാരം പാതി പിന്നിട്ടപ്പോഴേക്കും അവൾ കരച്ചിൽ നിർത്തിയിരുന്നു. പിന്നെ പിന്നെ അവളുടെ സംസാരത്തിൽ ആത്മവിശ്വാസം കൂടിക്കൂടിവരുന്നത് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

ഇപ്പോൾ അല്പനേരം ഇരുന്ന് പഠിക്കാനും പിന്നെ സമാധാനത്തോടെ കിടന്നുറങ്ങാനും നേരത്തെ ഉണർന്ന് ആത്മധൈര്യത്തോടെ പഠിക്കാനും ഞാൻ അവളോടു പറഞ്ഞു. ഞാൻ പറഞ്ഞതിനു ഗുണമുണ്ടായി. പിറ്റെ ദിവസം അവൾ പരീക്ഷ എഴുതി. റിസൽട്ട് വന്നപ്പോൾ അവൾ എല്ലാ വിഷയങ്ങളിലും ജയിച്ചിരുന്നു.

*ആവശ്യമില്ലാതെ പലതിനെയും പേടിക്കുന്നവരുണ്ട്. ഭയത്തിന്റെയും നിരാശയുടെയും വലിയ കുഴികൾ സ്വയം കുഴിച്ചുണ്ടാക്കി, അതിൽ ഇറങ്ങിക്കിടന്ന്, എനിക്ക് ഇനി രക്ഷപ്പെടാൻ കഴിയില്ലെന്ന് വിലപിക്കുന്നവർ!*

*പേടിച്ചുനിൽക്കുന്നവർ പരാജയപ്പെടുമെന്നും പൊരുതുന്നവർ മാത്രമേ വിജയിക്കൂ എന്നുമുള്ള അടിസ്ഥാനപാഠം പലരും മറന്നുകളയുന്നു.*

*മനസ്സിൽ നെഗറ്റീവ് എനർജി സ്വയം നിറച്ചുവച്ച്, നെടുവീർപ്പിട്ടും കരഞ്ഞും ജീവിതത്തിന്റെ സൗന്ദര്യം സ്വയം നശിപ്പിച്ചുകളയുന്നവരുടെ കൂട്ടത്തിലാകരുത് നാം.*

*ദൈവം കൂടെയുണ്ടെന്നുള്ള ചിന്ത നമ്മെ ബലപ്പെടുത്തും. ചിലയിടങ്ങളിൽ നാം തോറ്റുപോയി എന്നു വന്നാലും ദൈവം എന്നോടുകൂടെയുണ്ട് എന്ന വിശ്വാസത്താൽ ജീവിത്തിൽ പിന്നെയും മുന്നേറാൻ നമുക്ക് കഴിയും. അങ്ങനെ മുന്നേറിയവരുടെ ചരിത്രം ബൈബിളിലുമുണ്ടല്ലോ.*

*നാം തോൽക്കണം എന്നു ആഗ്രഹിക്കുന്നത് പിശാചാണ്. നിരാശയും പിറുപിറുപ്പുമായി കഴിയുന്നവർ പിശാചിന്റെ കയ്യിലെ ഉപകരണങ്ങളാണ്.*

*നമ്മുടെ മുന്നിലെ സാഹചര്യങ്ങൾ കണ്ട് പതറാതെ ദൈവകൃപയിൽ ആശ്രയിച്ച് അതിനെ അഭിമുഖീകരിക്കണം. നാം ജയിക്കും. അഥവാ തോറ്റുപോയാൽ അത് ദൈവഹിതമാണെന്നും കൂടുതൽ ഉന്നതമായ വിജയം നമുക്ക് തരാൻ ദൈവം ആഗ്രഹിക്കുന്നുവെന്നും മനസ്സിലാക്കി നാം മുന്നേറണം.*

*പ്രാർത്ഥനയോടുകൂടെ ഒരു ദൈവപൈതൽ മുന്നേറിയാൽ പ്രതികൂലങ്ങളുടെ കോട്ടകൾ തകരും. എത്രയോ ഉദാഹരണങ്ങൾ ബൈബിളിലുണ്ട്. ബൈബിളിനു പുറത്തുള്ള ചരിത്രത്തിലുമുണ്ട്.*

*പലപ്പോഴും നമുക്ക് പറ്റുന്ന ഒരു തെറ്റ്, നാം നമ്മുടെ മുന്നിലുള്ള പ്രതികൂലസാഹചര്യത്തെ പർവതീകരിച്ചുകാണുന്നു എന്നതാണ്. നമ്മുടെ ഉള്ളിൽ ദൈവാശ്രയചിന്തകൾ ശക്തി പ്രാപിക്കട്ടെ. ഏതു മോശം സാഹചര്യത്തെയും നമുക്ക് അതിജീവിക്കാൻ കഴിയും.*

എസ്എസ്എൽസി ഫലം വന്നപ്പോൾ കുറെ കുട്ടികൾ സന്തോഷത്തോടെ എന്നെ കാണാൻ വന്നു. കുറെ രക്ഷിതാക്കൾ ഫോണിൽ വിളിച്ച് അവരുടെ സന്തോഷം പങ്കുവച്ചു. ചില രക്ഷിതാക്കൾ കുട്ടികളോടൊപ്പം വരികയും ചെയ്തു.

ലഡു, ജിലേബി, കേക്ക്, മിഠായി, പേന, മാർക്കർ.... അവരുടെ ഉള്ളിലെ സന്തോഷത്തിന്റെ ബാഹ്യപ്രദർശനങ്ങൾ...

ഒരു സന്തോഷം തന്നെയായിരുന്നു. പക്ഷേ അവൾ മാത്രം വന്നില്ല. ഫോണിൽ വിളിച്ചുമില്ല. അവളുടെ അമ്മയും വിളിച്ചില്ല!

അതോർത്തപ്പോൾ എനിക്ക് എന്തോ വല്ലാത്ത വേദന തോന്നി. എന്റെ കുട്ടികളുടെ കൂട്ടത്തിൽ ഏറ്റവും അധികം സന്തോഷം ആ കുട്ടിക്കുണ്ടാകും എന്നു കരുതിയ എനിക്കു തെറ്റി. അവരെന്നെ മറന്നുകളഞ്ഞു.

അവഗണനകളെക്കുറിച്ചോർത്ത് കൂടുതൽ ദു:ഖിച്ചിരിക്കാൻ ഞാനില്ല. ട്യൂഷൻ സെന്ററുമായി ഞാൻ പിന്നെയും ജീവിതം തുടരുന്നു. ❍

**വരവിചാരം**

**ജെയ്മോഹൻ അതിരുങ്കൽ**



## www.reallifevoice.in

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. ആഭരണധാരണം
4. സഭ
5. പരിശുദ്ധാത്മാവ്
6. യോവേൽ (പുസ്തകപഠനം)
7. ഓബദ്യാവ് (പുസ്തകപഠനം)
8. മീഖാ (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. Faith and Baptism:
How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th June 2023

Posted at
Thrissur RMS

**ആനുകാലികം**

## ആർത്തി മൂത്തപ്പോൾ!

വില്ലേജ് ഫീൽഡ് അസിസ്റ്റൻഡ് അറസ്റ്റിലായ വാർത്തയുമായാണ് 2023 മെയ് 24 ലെ പത്രങ്ങൾ പുറത്തിറങ്ങിയത്. ഒരു കോടി രൂപയുടെ പണവും രേഖകളും ആണ് അദ്ദേഹത്തിൽനിന്ന് പിടിച്ചെടുത്തത്! മണ്ണാർക്കാട് വച്ച് 'കരുതലും കൈത്താങ്ങും' അദാലത്തിൽ പങ്കെടുക്കുന്നതിനിടയിലാണ് നമ്മുടെ പുള്ളിക്കാരൻ കൈക്കൂലി വാങ്ങിയതും വിജിലൻസ് പിടിയിലായതും.

സർക്കാരിൽനിന്ന് ലഭിക്കുന്ന ശമ്പളത്തിൽ അദ്ദേഹത്തിന് സംതൃപ്തിയുണ്ടായിരുന്നില്ല. വില്ലേജ് ഓഫീസിൽ വരുന്നവരിൽനിന്ന് അഞ്ഞൂറും ആയിരവും അയ്യായിരവും പതിനായിരുവും ഒക്കെ കൈക്കൂലി വാങ്ങി ആശാൻ ഒന്നു തടിച്ചുകൊഴുത്തു. കള്ളനും കൈക്കൂലിക്കാരനും ഒരു നാൾ പിടിക്കപ്പെടും എന്നുള്ള കാര്യം ഓർക്കാൻ അദ്ദേഹത്തിന് നേരം കിട്ടിക്കാണില്ലെന്നു തോന്നുന്നു.

എല്ലാ ദിവസവും പത്രമൊന്നു വായിച്ചാൽ മതിയായിരുന്നു. കൈക്കൂലിക്കാര്യത്തിൽ പിടിക്കപ്പെട്ട് ടവലുകൊണ്ട് മുഖം മറച്ചുനിൽക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ഫോട്ടോകളും വിവരണവും പല ദിവസങ്ങളിലും ഉണ്ടായിരുന്നു. അതു കാണുമ്പോൾ, ഒരിക്കൽ ഞാനും ഇങ്ങനെ പിടിക്കപ്പെടില്ലേ എന്നു ചിന്തിക്കാനുള്ള കഴിവ് ഇല്ലാഞ്ഞിട്ടല്ല, ആർത്തി മൂത്ത് ഭ്രാന്തായപ്പോൾ അങ്ങനെ ചിന്തിക്കാൻ മനസ്സു വന്നില്ല. എന്നിട്ടെന്തായി? ചട്ടിയിലുള്ളതും പോയി, നേരത്തെ വേവിച്ചുവച്ചതും പോയി, മസാല പുരട്ടി വച്ചതും പോയി...

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V